WEDNESDAY 19.06.2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/06/2024

1. മൃഗസംരക്ഷണ വകുപ്പ് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർക്കുള്ള സേവന പരിശീലന പരിപാടി ഇന്ന് (19.06.2024) രാവിലെ 10.30 ന് മന്ത്രി ജെ. ചിഞ്ചു റാണി ഉദ്ഘാടനം ചെയ്യും. കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിലെ സെന്റർ ഓഫ് എക്സലൻസിലുള്ള സെമിനാർ ഹാളാണ് വേദി.

2. കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ (KSAMM) തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം ജില്ലകളിൽ യന്ത്രം ഉപയോഗിച്ച് നെല്ല് നടീൽ നടത്തുന്ന സേവനദായകരുടെ (സർവീസ് ഗ്രൂപ്പിൻറെ) മേഖലയുമായി ബന്ധപ്പെടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും. നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും, അവരുടെ ഒരു യോഗം കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ സംഘടിപ്പിക്കുന്നു. ആയതിനാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്നവരും യോഗത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവരും 8281200673 എന്ന മൊബൈൽ നമ്പറിൽ പേര്, അഡ്രസ്സ് വാട്സ്ആപ്പ് സന്ദേശമായി ഈ മാസം 25-ന് (25/06/2024) 5 മണിക്ക് മുൻപായി അയക്കേണ്ടതാണ്. യോഗവിവരം പിന്നീട് അറിയിക്കുന്നതാണെന്ന് സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ സ്പെഷ്യൽ ഓഫീസർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു;

3. വിളനാശമുണ്ടായാൽ കർഷകനു സഹായമാകുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതികളിൽ രജിസ്റ്റർ ചെയ്യാനുള്ള അവസാനതിയ്യതി ജൂൺ 30 ആണ്. കാലാവസ്ഥധിഷ്ഠിത പദ്ധതിയിൽ നെല്ല്, വാഴ, കവുങ്ങ്, കുരുമുളക്, മഞ്ഞൾ, ജാതി, കൊക്കോ, വെറ്റില, ഏലം,ഗ്രാമ്പൂ, തെങ്ങ്, ഇഞ്ചി,മാവ്, പൈനാപ്പിൾ, കശുമാവ്, റബ്ബർ,എള്ള്,മരച്ചീനി, തേയില,കിഴങ്ങുവർഗ്ഗങ്ങൾ (ചേമ്പ്, ചേന, കാച്ചിൽ, നന കിഴങ്, മധുരക്കിഴങ്ങ്) പയർവർഗ്ഗങ്ങൾ(ഉഴുന്ന്, പയർ,ചെറുപയർ,ഗ്രീൻ പീസ്,സോയാബീൻ)

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പച്ചക്കറിവിളകൾ (പടവലം, പാവൽ, വള്ളി പയർ, കുമ്പളം, മത്തൻ, വെള്ളരി,വെണ്ട, പച്ചമുളക്) എന്നീ വിളകൾക്കും പരിരക്ഷ ലഭിക്കും. കാലാവസ്ഥധിഷ്ഠിത വിള ഇൻഷുറൻസിൽ വെള്ളപൊക്കം, മണ്ണിടിച്ചിൽ, ശക്തമായ കാറ്റ് (വാഴ, ജാതി, കവുങ്ങ്, കുരുമുളക്, കൊക്കോ, തെങ്ങ്, റബ്ബർ കശുമാവ്), കൊണ്ടുണ്ടാകുന്ന വിള നഷ്ടങ്ങൾക്ക് വ്യക്തിഗത ഇൻഷുറൻസ് പരിരക്ഷ ലഭ്യമാണ്. സി.എസ്.സി ഡിജിറ്റൽ സേവകേന്ദ്രം, വഴി റജിസ്റ്റർ ചെയ്യാം. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരാണെങ്കിൽ അവരെ അതതു ബാങ്കുകൾക്കും പദ്ധതിയിൽ ചേർക്കാം. അപേക്ഷ പൂരിപ്പിച്ച ശേഷം നിശ്ചിത പ്രീമിയം തുക, ആധാറിന്റെ പകർപ്പ്, നികുതി രസീതിന്റെ പകർപ്പ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ്, പാട്ടത്തിനു കൃഷി ചെയ്യുന്നവരാണെങ്കിൽ പാട്ടക്കരാറിന്റെ പകർപ്പ് എന്നിവ കൂടി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8111816443, 9895443925 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

4. കൃഷി വകുപ്പിന്റെ കീഴിലുള്ള ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ കടപുഴകി വീണ ആഞ്ഞിലി മരത്തിന്റെ പരസ്യലേലം 20.06.2024 രാവിലെ 11 മണിക്ക് ഫാം ഓഫീസിൽ വച്ച് നടത്തുന്നു. 10.68m x 1.17m ചുറ്റളവുള്ള മരത്തിന്റെ അടിസ്ഥാന വില 16,790/ രൂപയായി സോഷ്യൽ ഫോറെസ്റ്ററി വകുപ്പ് നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ വക ജംഗമ വസ്തുക്കൾ ലേലം സംബന്ധിച്ച വ്യവസ്ഥകൾ പ്രകാരം നടക്കുന്ന ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അന്നേ ദിവസം രാവിലെ 10:30 ന് മുൻപ് 500 രൂപ നിരത ദ്രവ്യം അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതും 11 മണിക്കുള്ള ലേലത്തിൽ പങ്കെടുക്കേണ്ടതുമാണെന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക ഫോൺ: 9383470298

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. തൃശൂർ ജില്ലയിൽ മത്സ്യബന്ധന മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു. സ്ക്വയർമെഷ് കോഡ് എന്റ്. ഇൻസുലേറ്റഡ് ഐസ് ബോക്സ്, മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ തുടങ്ങിയവയാണ് പദ്ധതികൾ. ബന്ധപ്പെട്ട മത്സ്യഭവനുകളിൽ ജൂൺ 22 വൈകിട്ട് അഞ്ചുവരെ അപേക്ഷ സമർപ്പിക്കാം. വിശദവിവരങ്ങൾ ജില്ലയിലെ മത്സ്യഭവനുകളിലോ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലോ ലഭിക്കും. ഫോൺ: 0487 2441132.

6. കാർഷിക സർവ്വകലാശാല കാർഷിക കോളേജ്,വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ അരുൺ, രേണുശ്രീ ഇനത്തിൽപ്പെട്ട ചീര, ലോല, ഗീതിക, കാശികാഞ്ചൻ, വൈജയന്തി, അനശ്വര ഇനത്തിൽപ്പെട്ട പയർ, പ്രീതി പാവൽ, ഉജ്ജ്വല മുളക് , ഹരിത, സൂര്യ ഇനത്തിൽപ്പെട്ട വഴുതന , അർക്ക അനാമിക, അരുണ ഇനത്തിൽപ്പെട്ട വെണ്ട എന്നിവയുടെ വിത്തുകൾ വിൽപ്പനക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക ഫോൺ: 0487 2370051

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കാർഷിക കോളേജ് വെള്ളാനിക്കരയിൽ 2024 – 25 അധ്യയന വർഷത്തെ ഡി.ബി.ടി സപ്പോർട്ടഡ് എം.എസ്.സി (അഗ്രി) മോളിക്കുലാർ ബയോളജി ആൻഡ് ബയോ ടെക്നോളജി കോഴ്സിലേക്കുള്ള പ്രവേശനത്തിനായുള്ള അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 5 (05.07.2024) വരെ നീട്ടി. വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

8. 202425 അധ്യയന വർഷത്തിൽ കേരള കാർഷിക സർവകലാശാലയിലെ സി.സി.ബി.എം, വെള്ളാനിക്കര കോളേജിൽ അധ്യാപക തസ്തികകളിലെ വിവിധ ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർമാരെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിയമിക്കുന്നതിനായി 18.06.2024, നു നടത്താനിരുന്ന വാക്ക് ഇൻ  ഇൻററർവ്യൂ ഇന്ന് (19 .06 .2024) നടത്തുന്നതാണ്.

9. റബ്ബർബോർഡിന്റെ മാർക്കറ്റ് പ്രൊമോഷൻ ഡിവിഷനിലേക്ക് ചെറുപ്പക്കാരായ മാർക്കറ്റിങ് പ്രൊഫഷണലുകളെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നു. ഉദ്യോഗാർത്ഥികൾ ഇക്കണോമിക്സിലോ മാർക്കറ്റിങ് പ്രധാന വിഷയമായി ബിസിനസ് അഡ്മിനിസ്ട്രേഷനിലോ ബിരുദാനന്തരബിരുദം നേടിയവവരും കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളിൽ അടിസ്ഥാനവിവരം ഉള്ളവരും ആയിരിക്കണം. മാർക്കറ്റിങ്/സെയിൽസ്/മാർക്കറ്റ് റിസേർച്ച് എന്നിവയിൽ പ്രവൃത്തിപരിചയം അഭികാമ്യം. അപേക്ഷകരുടെ പ്രായം 2024 ജൂൺ 01-ന് 30 വയസ്സിൽ കവിയരുത്. പ്രതിമാസം 25,000 രൂപ വേതനപ്രകാരമുള്ള നിയമനത്തിന്റെ കാലയളവ് ഒരു വർഷക്കാലത്തേക്ക് ആയിരിക്കും. താൽപര്യമുള്ളവർക്ക് ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിങ്), മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, റബ്ബർബോർഡ്, കോട്ടയം - 9 എന്ന വിലാസത്തിൽ അപേക്ഷകൾ അയയ്ക്കാം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2024 ജൂൺ 28 ആണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം